## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1417** | **15.06.2012- ൽ മറുപടിക്ക്**

## അറുപത് വയസ് കഴിഞ്ഞ ചെറുകിട നാമമാത്ര കർഷകന് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അറുപത് വയസ് കഴിഞ്ഞ ചെറുകിട നാമമാത്ര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച പെൻഷൻ 2011-12-ൽ എത്ര പേർക്ക് നൽകുകയുണ്ടായി; മുൻവർഷം ബഡ്ജറ്റിൽ ഇതിനായി വകയിരുത്തപ്പെട്ട തുകയിൽ എത്ര തുക ചെലവഴിക്കുകയുണ്ടായി; മുൻവർഷം എത്ര കർഷരിൽ നിന്ന് അപേക്ഷ ലഭിച്ചിരുന്നു; | (എ) ചെറുകിട നാമമാത്ര കർഷക പെൻഷൻ നൽകുന്നതിനുള്ള അപേക്ഷ ഇപ്പോൾ കൃഷിഭവനുകളിൽ സ്വീകരിച്ചു വരികയാണ്. ജൂൺ 15 ആണ് അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ പെൻഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ജൂൺ 15 ന് ശേഷം സ്വീകരിക്കുന്നതാണ്.<br>മുൻ വർഷം നെൽ കർഷകർക്കായി കിസാൻ അഭിമാൻ പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയത്. അതിൽ 208 ലക്ഷം രൂപ വകയിരുത്തുകയും തുക മുഴുവനായും പെൻഷനായി നൽകുകയും ചെയ്തിട്ടുണ്ട്. കിസാൻ അഭിമാൻ പദ്ധതിയിൽ 13,713 കർഷകരെയാണ് പെൻഷന് പരിഗണിച്ചിരുന്നത്. |
| (ബി) ബഡ്ജറ്റിലെ ഈ നിർദ്ദേശം സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് എത് തീയതിയിലാണ് പുറപ്പെടുവിച്ചത്; ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ; | (ബി) ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള ഉത്തരവുകൾ 16.8.2011-ലും 13.2.2012-ലും ആണ് പുറപ്പെടുവിച്ചിട്ടുള്ളത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (സി) എത്ര മാസത്തെ കുടിശ്ശിക ഇപ്പോൾ കൃഷിക്കാർക്ക് നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13,713 നെൽകർഷകർക്ക് ഒക്ടോബർ 2011 മുതൽ നാളിതുവരെ 8 മാസത്തെ കുടിശ്ശിക നൽകുവാനുണ്ട്. |

Snshams
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കർഷക ക്ഷേമം നെൽക്കർഷകർക്കായി നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതി ചെറുകിട നാമമാത്ര കർഷകർക്കു കൂടി അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(എം.എസ്) 197/2011/കൃഷി തീയതി, തിരുവനന്തപുരം, 16.08.2011

**പരാമർശം:-** 31.01.2009-ലെ ജി.ഒ(പി) 22/09/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി കിസാൻ അഭിമാൻ കർഷക ക്ഷേമ പദ്ധതിക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ 13713 നെൽകർഷകർക്ക് പ്രതിമാസം 300/- (മുന്നൂറു) രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

ചെറുകിട നാമമാത്ര കർഷകർക്കു കൂടി ഇതേ മാതൃകയിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും ഭൂരിഭാഗവും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരുമാണ്. എന്നാൽ ഇവർ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് വലിയൊരു പങ്ക് വഹിക്കുന്നു. മറ്റ് മേഖലകളിലെ സംഘടിത വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു.

ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി നിലവിൽ കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ ഇരുന്നൂറ്റി എട്ട് ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. നിലവിൽ നെൽകർഷകർക്ക് പെൻഷൻ നൽകുന്നതിന് അധികമായി ഇരുന്നൂറ്റി എൺപത്തിയഞ്ച് ലക്ഷം രൂപ കൂടി

[illegible]

അനുവദിക്കുന്നതാണ്

ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന പദ്ധതി അംഗീകരിച്ചു കൊണ്ടും പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ കൃഷി വകുപ്പ് ഡയറക്ടർ നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ. ജയകുമാർ

അഡീഷണൽ ചീഫ് സെക്രട്ടറി & കാർഷികോല്പാദന കമ്മീഷണർ

**ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.**
**എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും**
**ധനകാര്യ വകുപ്പ് (യു.ഒ. നം. 65370/എ.ഡബ്ല്യു. ബി1/11/ധന. തിയതി, 16.8.2011)**
**ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്**
**ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )**

**(കരുതൽ ഫയൽ/ഓഫീസ് കോപ്പി).**

ഉത്തരവിൻപ്രകാരം

Sherly. P

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ജി.എ.ഡി. (എസ്.സി) വകുപ്പിന്.(10.8.2011-ലെ ഇനം നംപർ.310)
കൃഷി വകുപ്പ് മന്ത്രിയുടെ പി.എസിന്
കാർഷികോൽപ്പാദന കമ്മിഷണറുടെ പി.എ യ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ. യക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ശരി പകർപ്പ്
Snehams
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് കർഷക ക്ഷേമം ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(എം.എസ്) 26/2012/കൃഷി തീയതി, തിരുവനന്തപുരം,13.2.2012.

---

**പരാമർശം:-** (1) 16.8.2011-ലെ ജി.ഒ(എം.എസ്) 197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
(2) 22.10.2011 - ലെ റ്റി.പി (2) 16377/11 നമ്പരിലുള്ള കൃഷി ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് കർഷകക്ഷേമബോർഡ് രൂപീകരിക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പരാമർശം ഒന്ന്-ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ 400/- രൂപയായി വർദ്ധിപ്പിക്കുന്നു.
2) 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെയായിരിക്കും ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്.

3) തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപയായിരിക്കും

നിലവിലുള്ള സംവിധാനം ഉപയോഗിച്ചുകൊണ്ടുതന്നെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ജയകുമാർ**
**അഡീഷണൽ ചീഫ് സെക്രട്ടറി &**
**കാർഷികോത്പ്പാദന കമ്മീഷണർ**

**ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.**
**എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും**
**ധനകാര്യ വകുപ്പ് (യു.ഒ. നം. 89419/എ.ഡബ്ല്യു. ബി1/11/ധന. തീയതി, 28.12.2011)**
**ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്**
**ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )**

**(കരുതൽ ഫയൽ/ഓഫീസ് കോപ്പി).**

ഉത്തരവിൻപ്രകാരം

Sherly

സെക്ഷൻ ഓഫീസർ.

ശരിപകർപ്പ്

Snehams

സെക്ഷൻ ഓഫീസർ.